പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 703 | 11.06.2014- ൽ മറുപടിക്ക് |
|---|---|

## ദേവികുളം അടിമാലി താലൂക്കുകളിലെ സർക്കാർ ആശുപത്രികളുടെ നവീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ദേവികുളം താലൂക്ക് ആശുപത്രിയിൽ ഇടിച്ചിട്ട ബ്ലോക്ക് പണിയുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളത്; | എ) | ദേവികുളത്തുള്ളത്, സാമൂഹികാരോഗ്യകേന്ദ്രമാണ്. അവിടെ ബ്ലോക്കുകളൊന്നും ഇടിച്ചിട്ടിട്ടില്ല. |
| ബി) | രണ്ട് വർഷക്കാലമായി പ്രവർത്തനം നിലച്ച പ്രസ്തുത ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | ബി) | ദേവികുളം സി. എച്ച്. സിയിൽ ബ്ലോക്ക് ഇടിച്ചിട്ട് നിർമാണ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്നാൽ പ്രസ്തുത സി. എച്ച്. സിയിൽ താഴെപറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മെഡിക്കലോഫീസറുടെ ക്വാർട്ടേഴ്സിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. പുതിയതായി പണിയുന്ന സ്ത്രീകളുടെ വാർഡിന്റെ കെട്ടിട നിർമ്മാണംപൂർത്തിയായിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ നടന്നിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് തന്നെയാണ്. |
| സി) | അടിമാലി താലൂക്ക് ആശുപത്രി, ചിത്തിരപുരം, ദേവികുളം സി. എച്ച്. സി, മറയൂർ പി. എച്ച്. സി എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നതിന് പ്രസ്തുത കാലയളവിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; | സി) & ഡി) | അടിമാലി താലൂക്കാശുപത്രിയിൽ 11 ഡോക്ടർമാരുടെയും 24 പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. 08/05/2014-ലെ സ. ഉ(സാധാ) നം. 1472/2014/ആ.കു.വ എന്ന ഉത്തരവ് പ്രകാരം, കാഷ്വാലിറ്റിയും ജനറൽ വാർഡും നിർമ്മിക്കുന്നതിന് 7.5 കോടി രൂപ അടങ്കലിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>ചിത്തിരപുരം, ദേവികുളം സി. എച്ച്. സി, മറയൂർ പി. എച്ച്. സി എന്നിവയുടെ പ്രവർത്തനം സജീവമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഒന്നും നിലവിലില്ല. |
| ഡി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ